Dated: 9th Dec 2011
Keralabhushanam

# ജെസി മൻസുഖാനിയെ മാൻ ഇൻഡസ്ട്രീസിന്റെ എംഡിയായി നിയമിച്ചു

കൊച്ചി: വൻവ്യാസമുള്ള പൈപ്പുകളുടെ നിർമാണരംഗത്തെ ഏറ്റവും വലിയ കമ്പനികളിലൊന്നായ മാൻ ഇൻഡസ്ട്രീസ് (ഇന്ത്യ) അതിന്റെ മാനേജിംഗ് ഡയറക്ടറും വൈസ് ചെയർമാനുമായി ജെ. സി. മൻസുഖാനിയെ പുതുക്കി നിയമിച്ചു.

കടുത്ത മത്സരത്തിലും ആഗോളമാന്ദ്യത്തിനിടയിലും കമ്പനി മികച്ച പ്രകടനമാണ് കാഴ്ചവെയ്ക്കുന്നതെന്ന് മൻസുഖാനി പറഞ്ഞു.

എണ്ണ, പ്രകൃതിവാതക മേഖലയിൽ ഉപയോഗമുള്ള പൈപ്പുകൾ നിർമിക്കുന്ന കമ്പനിക്ക് പ്രതിവർഷം 10 ലക്ഷം ടൺ ഉത്പ്പാദനശേഷിയുണ്ട്. ബിഎസ്ഇയിലും എൻഎസ്ഇയിലും ഓഹരികൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള മാൻ ഇൻഡസ്ട്രീസിന്റെ ജിഡിആറുകൾ ദുബായ് ഇന്റർനാഷനൽ ഫിനാൻഷ്യൽ എക്സ്ചേഞ്ചിലും ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.